പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2465 — 12.06. 2018 ൽ മറുപടിക്ക്

## കെ. എസ്. ഇ. ബി. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ. എസ്. ഇ .ബി. യ്ക്ക് വിവിധ ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കേണ്ട കുടിശ്ശിക തുക എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.03.2018 വരെ കെ.എസ്സ്.ഇ.ബി.എൽ ന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക 2414.89 കോടി രൂപയാണ്. വിവിധ സ്ഥാപനങ്ങളുടെ കുടിശ്ശിക പട്ടിക ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1. | സംസ്ഥാന സർക്കാർ വകുപ്പുകൾ | 90.20 കോടി |
| 2. | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1358.02 കോടി |
| 3. | മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ | 19.18 കോടി |
| 4. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 2.61 കോടി |
| 5. | കേന്ദ്ര സർക്കാർ വകുപ്പുകൾ | 1.56 കോടി |
| 6. | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | 23.74 കോടി |
| 7. | ഗാർഹിക ഉപഭോക്താക്കൾ | 246.69 കോടി |
| 8. | സ്വകാര്യ സ്ഥാപനങ്ങൾ | 594.79 കോടി |
| 9. | ലൈസൻസികൾ | 15.78 കോടി |
| 10. | മറ്റു സ്ഥാപനങ്ങൾ | 62.32 കോടി |
| | ആകെ | **2414.89 കോടി** |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) എങ്കിൽ ഇത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;<br>(സി) ചെറുകിട ഗാർഹിക ഉപഭോക്താക്കളെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി വേട്ടയാടുന്നതിന് പകരം വൻകിട കുടിശ്ശികക്കാരിൽ നിന്ന് കെ. എസ്. ഇ.ബി. യ്ക്ക് ലഭ്യമാകേണ്ട തുക പിരിച്ചെടുക്കുവാൻ പ്രത്യേക ഡ്രൈവ് നടത്തുമോ? | (ബി) & (സി) സപ്ലൈ കോഡ് 2014 ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചു മാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ഇത്തരം അവസരങ്ങളിൽ, കുടിശ്ശികയുടെ പലിശ ഇനത്തിൽ ചില കിഴിവുകളും, കുടിശ്ശിക അടയ്ക്കുവാനായി തവണകളും അനുവദിക്കാറുണ്ട് |

സെക്ഷൻ ഓഫീസർ